## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3555

15/07/2015-ൽ മറുപടിക്ക്

### മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ.എസ്.ശർമ്മ
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീ.വി.ശിവൻകുട്ടി
ശ്രീ.ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മരുന്ന് വാങ്ങുന്നതിലും വാങ്ങിയ മരുന്നുകൾ വിതരണം ചെയ്യുന്നതിലും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ക്രമക്കേട് നടത്തുന്നതുമായി വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധന നടത്തിയിരുന്നോ? വെയർഹൗസുകളിൽ നടത്തിയ പരിശോധനയിൽ കണ്ട ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു ; | (എ) | പരിശോധനകൾ നടത്തുകയുണ്ടായി. കാലാവധി കഴിഞ്ഞ മരുന്നുകൾ കമ്പനികൾക്ക് തിരികെ നൽകുകയും കമ്പനികളിൽ നിന്നും അതിനു തുല്യമായ തുക ഈടാക്കുന്നതിനും മറ്റുമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കണക്കിലുള്ള മരുന്നുകൾ സ്റ്റോക്കെടുപ്പിൽ ഇല്ലാതിരുന്നതിന്റെ പേരിൽ തുടരന്വേഷണം നടത്തിയിരുന്നോ ; | (ബി) | മരുന്നുകളുടെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് സംഭരണശാലാ മേധാവികളിൽ നിന്നും വിശദീകരണം ആരായുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, അധികമായുള്ള മരുന്ന് സ്റ്റോക്കിൽ ഉൾക്കൊള്ളിച്ച് വിറ്റഴിക്കാനും ബാക്കിയുള്ളവ മരുന്നു കമ്പനികൾക്കുതന്നെ തിരികെ നൽകാനുമുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | മരുന്നു വാങ്ങാതെ ബില്ല് മാത്രം വാങ്ങി അഴിമതി നടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ ; | (സി) | പരിശോധന ആവശ്യമായി വന്നിട്ടില്ല. |
| (ഡി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് അക്കൗണ്ടന്റ് ജനറൽ നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു ; | (ഡി) | 2008-13-ലെ ഓഡിറ്റ് സ്റ്റോക്ക് പെർഫോർമൻസ് റിപ്പോർട്ട് പ്രകാരം കോർപ്പറേഷൻ 92.66 കോടി രൂപയുള്ള 16,529 ബാച്ച് മരുന്നുകൾ (321 ഇനം മരുന്നുകൾ) നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാതെ സംഭരിക്കുകയുണ്ടായി. കോർപ്പറേഷനിൽ മരുന്നു വിതരണത്തിൽ 'ഫിഫോ' സിസ്റ്റം വേണ്ടവിധം ഉപയോഗിക്കാതെ വന്നതിനാൽ 2.91 കോടി രൂപയുള്ള മരുന്നുകൾ കാലഹരണപ്പെട്ടതായും |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. 2008-13 കാലയളവിൽ കോർപ്പറേഷൻ സംഭരിച്ച 47,650 ബാച്ചുമരുന്നുകളിൽ 382 ബാച്ച് മരുന്നുകൾ ഗുണനിലവാരമില്ലാത്തവയായിരുന്നു എന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. അതിൽ 122 ബാച്ച് മരുന്നുകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിനു മുൻപ് തന്നെ വിതരണം ചെയ്തു കഴിഞ്ഞു. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് 2008-12 കാലയളവിൽ നടത്തിയ പരിശോധനയിൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു. |
| (ഇ) | ഗുരുതരമായ ആരോപണങ്ങൾ ഉയരുന്നതിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും ബാഹ്യ ഏജൻസിയെ കൊണ്ട് സമഗ്ര അന്വേഷണം നടത്തിക്കാൻ തയ്യാറാകുമോ ? | (ഇ) | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ